ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു.

റിസോഴ്സസ് അദ്ധ്യാപകർക്കുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും

54 (3801) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എ., ഐ.ഇ.ഡി.സി., ഐ.ഇ.ഡി.എസ്.എസ്. എന്നിവയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന റിസോഴ്സസ് അദ്ധ്യാപകർക്കുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും എത്രയെന്നു വ്യക്തമാക്കുമോ ;

(ബി) ഐ.ഇ.ഡി.സി.യിൽ പ്രവർത്തിക്കുന്ന അദ്ധ്യാപികമാർക്ക് മെറ്റേണിറ്റി ലീവ് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഇവർക്കും പ്രസ്തുത ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) സർവ്വ ശിക്ഷാ അഭിയാന്റെ സംയോജിത വിദ്യാഭ്യാസ പദ്ധതി (ഐ.ഇ.ഡി.സി.)യിൻ കീഴിൽ ജോലി ചെയ്തുവരുന്ന റിസോഴ്സ് അധ്യാപകർക്ക് പ്രതിമാസം 5870 രൂപ ഓണറേറിയവും പരമാവധി 500 രൂപ വരെ യാത്രാപ്പടിയും നൽകി വരുന്നു. ഐ.ഇ.ഡി.എസ്.എസ്.-ൻ കീഴിൽ ജോലി ചെയ്യുന്ന പൂർണ്ണ യോഗ്യതയുള്ള റിസോഴ്സ് അദ്ധ്യാപകർക്ക് പ്രതിമാസം 8,900 രൂപയും അല്ലാത്തവർക്ക് 8,500 രൂപയുമാണ് ശമ്പളമായി നൽകുന്നത്.

(ബി) ഐ.ഇ.ഡി.സി. റിസോഴ്സ് അധ്യാപകരെ കരാർ അടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. ഒരു വർഷത്തിൽ കൂടുതൽ കാലയളവിൽ കരാർ പുതുക്കി ജോലിയിൽ തുടരുന്ന അദ്ധ്യാപികമാർക്ക് പ്രസവ സംബന്ധമായി 3 മാസം ശമ്പളത്തോടുകൂടിയുള്ള അവധിയും അല്ലാത്തവർക്ക് 3 മാസം വരെ ശമ്പളരഹിത അവധിയും അനുവദിച്ചു വരുന്നു.

(സി) ബാധകമല്ല.

കുട്ടികൾ കുറയുന്നതുമൂലം ജോലി നഷ്ടപ്പെടുന്ന സ്കൂൾ അദ്ധ്യാപകർക്കുള്ള പ്രൊട്ടക്ഷൻ ആനുകൂല്യം

55 (3802) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികൾ കുറയുന്നതുമൂലം ജോലി നഷ്ടപ്പെടുന്ന സ്കൂൾ അദ്ധ്യാപകർക്കുള്ള പ്രൊട്ടക്ഷൻ ആനുകൂല്യം ദീർഘിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly